<u>ഓപ്പറേഷൻ ഡാർക്ക് ഹണ്ട്: ഒരാളെ കൂടി കാപ്പ ചുമത്തി ജയിലിലടച്ചു</u>

കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ അലുവ ഈസ്റ്റ്, എടത്തല സ്റ്റേഷനുകളിൽ ഏഴ് കേസുകളിൽ പ്രതിയായ കീഴ്മാട് ചാലക്കൽ കരിയാം പുറം വീട്ടിൽ മനാഫിനെ (30) കാപ്പ ചുമത്തി ജയിലിലടച്ചു. കൊലപാതകശ്രമം, കവർച്ച, അടിപിടി, ബലാൽസംഘം തുടങ്ങിയ കേസുകളിലെ പ്രതിയാണ്. നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ എസ്.പി. കെ.കാർത്തിക്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഓപ്പറേഷൻ ഡാർക്ക് ഹണ്ടിന്റെ ഭാഗമായാണ് നടപടി. 2019 ൽ കാപ്പ നിയമപ്രകാരം ഇയാളെ ആറ് മാസത്തേക്ക് നാട് കടത്തിയിരുന്നു. 2020 മാർച്ചിൽ ആലുവ പുളിഞ്ചോട് വച്ച് സനീഷ് എന്നയാളെ തലയ്ക്കടിച്ച് പണം കവർച്ച ചെയ്യാൻ ശ്രമിച്ച കേസിലും ഗവൺമെന്റ് ആസ്പത്രിക്കു സമീപമുള്ള ടൂറിസ്റ്റ് ഹോമിൽ വച്ച് ജ്യോതിഷ് എന്നയാളെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലും പ്രതിയായതിനെ തുടർന്നാണ് കാപ്പ ചുമത്തി ജയിലിലടച്ചത്. ഓപ്പറേഷൻ ഡാർക്ക് ഹണ്ടിന്റെ ഭാഗമായി നിരന്തരം കുറ്റകൃത്യത്തിലേർപ്പെട്ട 22 പേരെ കാപ്പ നിയമപ്രകാരം ജയിലിൽ അടക്കുകയും, 25 പേരെ നാടുകടത്തിയതായും എസ്.പി. കെ. കാർത്തിക് പറഞ്ഞു.